SJD/1623/2022-G3

I/72957/2022

**<u>സാമൂഹികനീതിവകുപ്പുഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

**<u>(ഹാജർ : ജലജ .എസ് I/C)</u>**

ഉത്തരവ് നം:**SJD/1623/2022-G3** തിരുവനന്തപുരം

തീയതി: **23-12-2022**

---

വിഷയം :- സാമൂഹികനീതിവകുപ്പ് – വയോമധുരം പദ്ധതി **2022-23** - ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിന് കെ.എം.എസ്.സി.എൽ -ന് അനുമതി നൽകിയും, ആദ്യ ഗഡു തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ(സാധാ) നം.**444/2018/SJD** തിയതി:**23.07.2018.**

2. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ജനറൽ മാനേജർ സാമൂഹികനീതി വകുപ്പ് ഡയറക്ടറുമായി **23.03.2022** ൽ ഒപ്പുവെച്ച ധാരണപത്രം.

സ.ഉ.(സാധാ) നം.**134/2022/SJD** തിയതി:**27.05.2022.**

3. സുനീതി പോർട്ടലിൽ ലഭ്യമായിട്ടുള്ളതും അംഗീകരിച്ചതു മായ

4. അപേക്ഷകൾ

ജീവിതശൈലിരോഗങ്ങളിൽ ഏറ്റവും വ്യാപകമായ പ്രമേഹരോഗികൾ ആയ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന "വയോമധുരം" പദ്ധതി പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **2018** മുതൽ സാമൂഹികനീതിവകുപ്പ് നടപ്പിലാക്കിവരുന്നു. ഗ്ലൂക്കോമീറ്റർ വിതരണത്തിന് സർക്കാർഅംഗീകൃത ഏജൻസിയായ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി ഒപ്പുവെച്ച പരമാർശം (2) ലെ ധാരണപത്രം പ്രകാരം, ഗ്ലൂക്കോമീറ്റർ (ഗ്ലൂക്കോമീറ്റർ, സ്ട്രിപ്പുകൾ (25 എണ്ണം), ലാൻസെറ്റ് എന്നിവഅടങ്ങുന്ന ഒരുകിറ്റിന് എല്ലാനികുതികളുംഉൾപ്പടെ 385/രൂപക്ക്) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ വിതരണംചെയ്യുന്നതാണ്. **2022-23** സാമ്പത്തികവർഷത്തെ പദ്ധതിനടത്തിപ്പിനുള്ള ഭരണാനുമതി പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്.

വയോമധുരംപദ്ധതി **2022-23** ൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (4) പ്രകാരം നിലവിൽ 865 അപേക്ഷകളാണ് ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ളത്. ഈ സാഹചര്യത്തിൽ **865 എണ്ണം ഗ്ലൂക്കോമീറ്റർ അടങ്ങിയ കിറ്റുകൾ** പരാമർശം (2) പ്രകാരമുള്ള ധാരണപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ചുവടെപറയുംപ്രകാരം ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾക്ക് വിതരണംചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I/72957/2022

| ക്രമ നം | ജില്ല | വിതരണം ചെയ്യേണ്ട ഗ്ലൂക്കോമീറ്ററുകളുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 97 |
| 2 | കൊല്ലം | 51 |
| 3 | പത്തനംതിട്ട | 20 |
| 4 | ആലപ്പുഴ | 83 |
| 5 | കോട്ടയം | 48 |
| 6 | ഇടുക്കി | 111 |
| 7 | എറണാകുളം | 51 |
| 8 | തൃശ്ശൂർ | 61 |
| 9 | പാലക്കാട് | 79 |
| 10 | മലപ്പുറം | 37 |
| 11 | കോഴിക്കോട് | 123 |
| 12 | വയനാട് | 27 |
| 13 | കണ്ണൂർ | 63 |
| 14 | കാസർഗോഡ് | 14 |
| | **ആകെ** | **865** |

പ്രസ്തുതപദ്ധതി **2022-23** സാമ്പത്തികവർഷം നടപ്പിലാക്കുന്നതിനായി **865** ഗ്ലൂക്കോമീറ്റർ അടങ്ങിയകിറ്റുകൾ വിതരണംചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പന് അനുവദിക്കേണ്ട **3,33,025/-രൂപയുടെ (865*385)(മൂന്ന് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം) 30%** തുകയായ **99,907/രൂപ (തൊണ്ണൂറ്റിയൊൻപതിനായിരത്തി തൊള്ളായിരത്തി ഏഴ് രൂപ മാത്രം)** കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ആദ്യഗഡുവായി മാറിനൽകുന്നതിന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുകയുടെ **2%** തുകയായ **1,998/-** **രൂപ** ടി.ഡി.എസ് **(PAN-AADCK4029 M)** ഇനത്തിൽ പിടിച്ച് സർക്കാരിന് ഒടുക്കുന്നതിനും, ബാക്കി തുകയായ **97,909/ രൂപ (തൊണ്ണൂറ്റി ഏഴായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ മാത്രം )**കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ചുവടെ പറയുന്ന അക്കൗണ്ടിലേക്ക് മാറിനൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക നടപ്പുസാമ്പത്തികവർഷത്തിലെ **2235-02-104-82 (P)** ശീർഷകത്തിൽനിന്നും വഹിക്കുന്നതിനും അനുമതി നല്കുന്നു.

**Account No** : **3624005700000027**
**Bank** : **Punjab National Bank**
**Branch** : **Medical College Branch , Thiruvananthapuram**
**IFCS** :**PUNB0362400**

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ അടിയന്തിരമായി ഗ്ലൂക്കോമീറ്റർ വിതരണംപൂർത്തിയാക്കി, ഒറിജനൽ ഇൻവോയിസ് ബന്ധപ്പെട്ട ജില്ലാ

SJD/1623/2022-G3

.957/2022

സാമൂഹികനീതിഓഫീസർമാരുടെ കൈപ്പറ്റ് രസീത് എന്നിവ സഹിതം ഈകാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. വിതരണം പൂർത്തിയാക്കുന്നമുറയ്ക്ക് ധാരണാപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ബാക്കിതുക അനുവദിക്കുന്നതാണ്.

JALAJA

S

അഡിഷണൽ ഡയറക്ടർ &
**സാമൂഹികനീതി**
**ഡയറക്ടർ (I/C)**

ജനറൽ മാനേജർ
കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

പകർപ്പ് :

1. സൂപ്രണ്ട് , എ & ബി സെക്ഷൻ (തുക മാറി നൽകുന്നതിന്)
2. എല്ലാ ജില്ലാ സാമൂഹികനീതി ഓഫീസർമാർക്കും
3. സൂപ്രണ്ട് , പ്ലാനിംഗ് സെൽ
4. സ്റ്റോക്ക് ഫയൽ / വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്